പൊതുമരാമത്ത്

142. നടപ്പുവർഷം നബാർഡ് 92.82 കോടി രൂപ മുതൽ മുടക്കി 26 പാലങ്ങളുടെയും 14.15 കോടി രൂപ മുതൽമുടക്കിൽ 12 റോഡുപ്രോജക്ടുകളുടെയും നിർമ്മാണത്തിന് അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. 2005-06 വർഷത്തിൽ പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണത്തിന് നബാർഡിൽനിന്നും 350 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

143. സംസ്ഥാനത്ത് ദേശീയപാത 47, 17 എന്നിവ നാലുവരിപ്പാതയാക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് മന്ത്രി 3053 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലേക്ക് ദ്രുതഗതിയിൽ സ്ഥലമെടുപ്പ് ഉറപ്പുവരുത്താൻ ഒരു ഫാസ്റ്റ് ട്രാക്ക് പദ്ധതിക്ക് സംസ്ഥാനം രൂപം നൽകിയിട്ടുണ്ട്.

144. ലോക ബാങ്ക് സഹായത്തോടുകൂടിയുള്ള കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട് 2005-06-ൽ ഊർജ്ജിതമായി നടപ്പിലാക്കും. ഇതിനായി 575 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക മുൻകാലങ്ങളെ അപേക്ഷിച്ച് ഏറ്റവും ഉയർന്ന വിഹിതമാണ്.

145. പൊതുമരാമത്ത്, ജലസേചന വകുപ്പുകളിലെ കരാറുകാർക്കുള്ള കുടിശ്ശിക നൽകുന്നതിന് ഏകദേശം 300 കോടി രൂപ ഇതിനകം തന്നെ സർക്കാർ അനുവദിച്ചു കഴിഞ്ഞു.

ഊർജ്ജം

146. പത്താം. പഞ്ചവൽസര പദ്ധതിയുടെ അവസാനത്തിൽ സംസ്ഥാനത്തെ എല്ലാ വീടുകളും വൈദ്യുതീകരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2005-06 വർഷത്തിൽ അഞ്ച് ലക്ഷം വീടുകൾക്ക് വൈദ്യുതി കണക്ഷൻ വൈദ്യുതബോർഡ് ലഭ്യമാക്കുന്നതാണ്. മലയോരം, തീരദേശം, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ എന്നിവയുടെ വൈദ്യുതീകരണത്തിനായുള്ള പ്രത്യേക പദ്ധതി കേരള സംസ്ഥാന വൈദ്യുതി ബോർഡ് തയ്യാറാക്കിയിട്ടുണ്ട്.

147. നിർമ്മാണ ഘട്ടത്തിലുള്ള ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കാനാണ് സർക്കാർ കൂടുതൽ പ്രാധാന്യം നൽകുന്നത്. 2005-06 വർഷത്തിൽ വൈദ്യുതോൽപാദന പദ്ധതികൾക്കായി 170.54 കോടി രൂപയുടെയും, ശബരിഗിരി, നേര്യമംഗലം പദ്ധതികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി 42 കോടി രൂപയുടെയും നിക്ഷേപം ലക്ഷ്യമിടുന്നു.

148. 2005-06 വർഷത്തിൽ വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനും പ്രസരണ വിതരണ ശൃംഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ച് വൈദ്യുതി ബോർഡ് രണ്ട് 220 കെ.വി. സബ് സ്റ്റേഷനുകളും ഏഴ് 110 കെ.വി. സബ്സ്റ്റേഷനുകളും, നാല് 66 കെ.വി. സബ് സ്റ്റേഷനുകളും, മുപ്പത്തിരണ്ട് 33 കെ.വി. സബ്സ്റ്റേഷനുകളും, 50 കി.മീ. 220 കെ.വി. ലൈനും, 120 കി.മീ. 110 കെ.വി. ലൈനും, 25 കി.മീ. 66 കെ.വി. ലൈനും, 400 കി.മീ 33 കെ.വി. ലൈനും കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. വൈദ്യുതി വിതരണത്തിന് 2005-06-ൽ ഉദ്ദേശിക്കുന്ന അടങ്കൽ 297.53 കോടി രൂപയാണ്. 2005-06 വർഷത്തിൽ 393 കോടി രൂപയുടെ നിക്ഷേപം

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യമിട്ടിട്ടുള്ള വിതരണ പദ്ധതികളിൽ 2000 കി.മീ. 11 കെ.വി. ലൈനിന്റെയും 550 കി.മീ. ലോ ടെൻഷൻ ലൈനിന്റെയും നിർമ്മാണവും 2000 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു. കേന്ദ്ര സഹായത്തിൻകീഴിൽ എ.പി.ഡി.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 26 മുനിസിപ്പാലിറ്റികളിൽ ലോൾട്ടേജ് മെച്ചപ്പെടുത്താനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. കൂടാതെ എ.പി.ഡി.ആർ.പി. പദ്ധതിയിൽ തിരുവനന്തപുരത്ത് 163 കോടി രൂപയുടേയും, കൊച്ചിയിൽ 200 കോടി രൂപയുടേയും പ്രത്യേക പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്.

149. സ്വകാര്യ പങ്കാളിത്തത്തോടുകൂടി കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദനത്തിനുള്ള വിൻഡ് എനർജി ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള സർക്കാർ നയവും മാർഗ നിർദ്ദേശങ്ങളും പ്രഖാപിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലുള്ള രാമക്കൽമേടിൽ ഇതിനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ വൈദ്യുതീകരിക്കാത്ത കോളനികളിൽ ബയോമാസ് ഗ്യാസിഫയറുകൾ സ്ഥാപിക്കാൻ അനർട്ട് ഉദ്ദേശിക്കുന്നു.

150. എനർജി മാനേജ്മെന്റ് സെന്റർ ഉൾനാടൻ പ്രദേശങ്ങളിലെ ഓഫ്ഗ്രിഡ് മേഖലകളിൽ വൈദ്യുതി ലഭ്യമാക്കാൻ മൂന്ന് മാതൃകാ മൈക്രോഹൈഡൽ പ്രോജക്റ്റുകൾ സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുതശേഷി പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതു ലക്ഷ്യമിട്ട് സ്വകാര്യ മേഖലയിൽ 30 പദ്ധതികൾ സ്ഥാപിക്കാനുള്ള പഠന റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. ഊർജ്ജത്തിന്റെ കാര്യക്ഷമമായ വിനിയോഗം സംബന്ധിച്ചും റബ്ബർ, തേയില, ഓട്, ചുടുകൽ വ്യവസായങ്ങളിൽ മലിനീകരണ മുക്തമായ ഉൽപാദന സങ്കേതങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുമുള്ള പഠനങ്ങൾ എനർജി മാനേജ്മെന്റ് സെന്റർ നടത്തുന്നതാണ്.

റവന്യു

151. 1964-ലേയും 1995-ലേയും കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങൾ പ്രകാരം പട്ടയത്തിനുള്ള 15,745 അപേക്ഷകൾ നിലവിലുണ്ട്. അർഹതപ്പെട്ട എല്ലാ അപേക്ഷകർക്കും 2005-06-ൽ പട്ടയം നൽകുന്നതാണ്. ഇടുക്കി, എറണാകുളം, തൃശ്ശൂർ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിന്നും വനഭൂമി പതിച്ചുനൽകുന്നതിനായി ലഭിച്ച 7731 അപേക്ഷകളിൽ അർഹരായ എല്ലാവർക്കും ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി ലഭിച്ചശേഷം പട്ടയം നൽകുന്നതാണ്.

152. ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ 2005-06 വർഷത്തോടെ പൂർത്തീകരിക്കുന്നതാണ്.

രജിസ്ട്രേഷൻ

153. രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നിതിനായി 400 ലക്ഷം രൂപ ഞാൻ ബജറ്റിൽ നീക്കിവയ്ക്കുന്നു. ഇതിനുപുറമേ ഭരണനവീകരണ പദ്ധതിയിൽ രജിസ്ട്രേഷൻ വകുപ്പിലെ സേവനപ്രദാനം മെച്ചപ്പെടുത്തുന്നതിനായി 7.50 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly